ബഹുമാനപ്പെട്ട സദർ സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്,

السّلام علیکم ورحمۃ اللہ وبرکاتہ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന് ദേശീയ വാർഷിക ഇജ്തിമ നടത്താനുള്ള അവസരം ലഭിച്ചിരിക്കുകയാണ്. സർവശക്തനായ അല്ലാഹു ഈ ഇജ്തിമയെ എല്ലാ വിധത്തിലും അനുഗൃഹീതവും വിജയകര വുമാക്കിത്തീർക്കട്ടെ. മുഴുവൻ ഖുദ്ദാം അത്ഫാൽ മെമ്പർമാർക്കും ഇതിന്റെ എല്ലാ പരിപാടികളിൽ നിന്നും പ്രയോജനം സിദ്ധിക്കാനുള്ള തൗഫീഖ് നല്കുകയും ചെയ്യുമാറാകട്ടെ. ആമീൻ

അഹ്മദിയ്യാ ജമാഅത്തിൽ ഖുദ്ദാം അത്ഫാൽ എന്ന പേരിൽ അറിയപ്പെടുന്ന നിങ്ങളിൽ വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ അർപ്പിതമാണ്. അല്ലാഹു നിങ്ങളെ സൃഷ്ടിച്ചത് ലോകത്തെ സേവിക്കാനാണ്. അതിനാൽ നിങ്ങൾ പ്രഥമപ്രധാനമായി അല്ലാഹു വുമായുള്ള നിങ്ങളുടെ ബന്ധം ശക്തിപ്പെടുത്തുകയും അവന്റെ സവിധത്തിൽ സർവഥാ കുമ്പിട്ടുകൊണ്ട് ക്രമേണ നിങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്തുകയും ചെയ്യേണ്ടതുണ്ട്. ആയതിനാൽ പ്രത്യേകമായ നിലയിൽ നിങ്ങളുടെ അഞ്ചുനേര നമ സ്കാരങ്ങൾ വിനയത്തോടും വിധേയത്വത്തോടും കൂടി അനുഷ്ഠിക്കുന്നത് ഒരു ശീലമാക്കുക. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതും അതിന്റെ അധ്യാപനങ്ങൾ അനുധാവനം ചെയ്യുന്നതും നിങ്ങളുടെ ജീവിതത്തിൽ ഒരു പതിവാക്കുകയും വേണം. അല്ലാഹുവുമായുള്ള നിങ്ങളുടെ ബന്ധത്തിൽ വർധനവുണ്ടാകുന്നതിന് അനുസൃ തമായി നിങ്ങളുടെ വിശ്വാസവും ദൃഢബോധവും പരിപക്വമാകുകയും തത്ഫലമായി അല്ലാഹു നിങ്ങളെ അവന്റെ എണ്ണമറ്റ അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും അവ കാശികളാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ അപ്രകാരം പുരോഗതിയുടെ പടവുകൾ താണ്ടി മുന്നേറുമ്പോൾ ലോകത്തിലും സമൂഹത്തിലും സമാധാനത്തിന്റെയും സുരക്ഷിത ത്വത്തിന്റെയും അന്തരീക്ഷം സംജാതമാക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്. എന്നാൽ ഇതിന് വളരെയധികം കഠിനാധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും ആവശ്യമുണ്ട്. അഹ്മദിയ്യാ ഖിലാഫത്തുമായി ആത്മാർത്ഥതയുടെയും വിശ്വസ്തതയുടെയും ബന്ധം ശക്തിപ്പെടുത്തേണ്ടതുണ്ട്. കാലത്തിന്റെ ഖലീഫയുടെ എല്ലാ കല്പനകളും നിർദേശങ്ങളും ഹൃദയാത്മനാ അനുസരിച്ച് പ്രവർത്തിക്കേണ്ടതും അനിവാര്യമാണ്. എന്തെന്നാൽ നിങ്ങ ൾക്ക് പുരോഗതിയുടെയും വിജയത്തിന്റെയും മാർഗങ്ങൾ തുറക്കുന്നതിനുവേണ്ടിയുള്ള അടിത്തറ ഇതാണ്.

നിങ്ങളുടെ എല്ലാ പുരോഗതിയുടെയും രഹസ്യം ഖിലാഫത്തുമായുള്ള നിങ്ങളുടെ ബന്ധ ത്തിലാണ് കുടിയിരിക്കുന്നത് എന്ന് ഓർത്തുകൊള്ളുക. ഖിലാഫത്തുമായുള്ള ആത്മാ ർഥവും വിശ്വസ്തവുമായ ബന്ധം നിങ്ങളെ എപ്പോഴും മതപരവും ലൗകികവുമായ വിജ യത്തിലേക്ക് നയിച്ചുകൊണ്ടേയിരിക്കും. ഇൻശാ അല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യായുടെ മറ്റൊരു ഭാരിച്ച ഉത്തരവാദിത്വം, നിങ്ങളുടെ ഭാവി തലമുറകളുടെ തർബിയ്യത്തിന്റെ കാര്യ ത്തിൽ നിങ്ങൾ പ്രത്യേക ശ്രദ്ധ ചെലുത്തുകയും അവരെ ജമാഅത്തുമായി ദൃഢമായി

ബന്ധിപ്പിച്ചു നിർത്താൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ്. നിങ്ങളുടെ ഭവനങ്ങളിൽ നന്മയുടെയും തഖ്‌വയുടെയും സ്നേഹത്തിന്റെയും അന്തരീക്ഷം സ്ഥാപിക്കേണ്ടതുണ്ട്. അതുവഴി കുട്ടികൾ നിങ്ങളുടെ പ്രവർത്തന മാതൃകകളിൽ നിന്ന് പാഠമുൾക്കൊള്ളുകയും ഇസ്‌ലാമിന്റെ അധ്യാപനങ്ങളാൽ പ്രബുദ്ധരാകുകയും ചെയ്യും. തദ്വാരാ വരും കാലഘട്ടത്തിൽ ലോകത്ത് സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും സന്ദേശവും ഇസ്‌ലാമിന്റെ മനോഹരമായ പാഠങ്ങളും പ്രചരിപ്പിക്കുന്നവരായി അവർ മാറുകയും ചെയ്യും.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പ്രസ്താവിക്കുന്നു: "നിങ്ങൾ സ്വയം സാത്വികരായിത്തീരുക. നിങ്ങളുടെ സന്താനങ്ങൾക്ക് നന്മയുടെയും തഖ്‌വയുടെയും ഉത്തമ മാതൃക കാണിക്കുന്നതോടൊപ്പം അവരെയും മുത്തഖീങ്ങളും ദീനീബോധമുള്ളവരും ആക്കാൻ പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. അവർക്കുവേണ്ടി സമ്പത്ത് ശേഖരിക്കാൻ നിങ്ങൾ എത്രത്തോളം പരിശ്രമിക്കുന്നുവോ അത്രത്തോളം ഈ കാര്യത്തിലും പരിശ്രമിക്കുക. സർവശക്തനായ അല്ലാഹുവുമായി ബന്ധം ഉണ്ടാകുകയും അവനുമായുള്ള ഒരു സത്യസന്ധമായ സമ്പർക്കം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ ഒന്നും പ്രയോജനകരമാകില്ലെന്ന് അറിയുക" (മൽഫൂസാത്ത്, വാല്യം 7, പേജ് 320, 2022 പതിപ്പ്). നിങ്ങൾ ഈ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുകയും അവ ഏറ്റവും മികച്ച രീതിയിൽ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്താൽ നിങ്ങൾ സർവശക്തനായ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നവരും ജമാഅത്തിന്റെ ശോഭനമായ ഭാവിയുടെ അസ്തിവാരം ശക്തിപ്പെടുത്തുന്നത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും. ഈ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ അല്ലാഹു തആല നിങ്ങൾക്ക് സൗഭാഗ്യം തന്നരുളുമാറാകട്ടെ. ഈ ഇജ്തിമയെ നിങ്ങൾക്ക് ഒരു ആത്മീയ വിപ്ലവത്തിന് നിമിത്തമാക്കുമാറാകട്ടെ. ആമീൻ.

വസ്സലാം

വിനീതൻ

മിർസാ മസ്റൂർ അഹ്മദ്

ഖലീഫത്തുൽ മസീഹ് അൽഖാമിസ്